## ശ്രീ. രാജു എബ്രഹാം എം.എൽ.എ ഉന്നയിച്ച സബ്മിഷനുള്ള മറുപടി

റാന്നി നിയോജക മണ്ഡലത്തിലെ വിവിധ വില്ലേജുകളിലെ കൈവശകൃഷിക്കാർക്ക് പട്ടയം വിതരണം ചെയ്യുന്നത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പരുവ-കൊല്ലമുള്ള വില്ലേജ് - ആദിവാസി സെറ്റിൽമെന്റ് ഏരിയായിൽ ഉൾപ്പെട്ടുവരുന്ന പ്രദേശം - വനാവകാശ രേഖ വിതരണം ചെയ്തിട്ടുണ്ട്.

കറുമ്പൻമൂഴി മണക്കയം - കൊല്ലമുള്ള വില്ലേജ് - കൊല്ലമുള്ള വില്ലേജിലെ ടി പ്രദേശം ആദിവാസി സെറ്റിൽമെന്റ് ആണ്. 01.01.1977 ന് മുൻപുള്ള വനഭൂമി ക്രമവൽക്കരിക്കുന്നതിനായുള്ള പ്രൊപ്പോസലിൽ ഉൾപ്പെട്ട് വന്നിട്ടില്ല.

വലിയപതാൽ- ചേത്തയ്ക്കൽ വില്ലേജ് - നിലവിലുള്ള 57 ആദിവാസി കുടുംബങ്ങളിൽ പലരും തങ്ങളുടെ പൂർവ്വീകർക്ക് ലഭിച്ചിട്ടുള്ളതും മുൻതലമുറ അന്യാധീനപ്പെടുത്തിയതുമായ ഭൂമി തിരിച്ചു വേണമെന്ന് ആവശ്യവുമായി പട്ടയ നടപടികളുമായി സഹകരിക്കാതെയും സർവ്വേ നടത്തുന്നതിനും മറ്റും എതിർപ്പ് പ്രകടിപ്പിച്ചിട്ടുള്ളതാണ്.

അരയാഞ്ഞിലിമൺ- കൊല്ലമുള്ള വില്ലേജ് കടുമീൻചിറ- അത്തിക്കയം, കറുമ്പൻമൂഴി-മണക്കയം - 01.01.1977 ന് മുമ്പുള്ള വനഭൂമി കയ്യേറ്റത്തിൽപ്പെട്ടതും സംയുക്ത പരിശോധന നടത്തി. കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയ്ക്കായി അയച്ചിട്ടുള്ള ഭൂമിയിൽ ഉൾപ്പെട്ടു വരുന്നതാണ്. കേന്ദ്രഗവൺമെന്റിന്റെ അനുമതി ലഭിച്ചാലുടൻ തന്നെ പട്ടയം നൽകുന്നതാണ്.

ചെള്ളനാവയൽ- കൈവശങ്ങൾക്ക് വനാവകാശ രേഖ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രദേശങ്ങൾ റവന്യൂ റിക്കാർഡുകളിൽ ഉൾപ്പെട്ട് വന്നിട്ടുള്ളതും പുറമ്പോക്ക് ആയി നിലനിൽക്കുന്നതുമാണ്. ആയതിനാൽ പ്രസ്തുത കൈവശ രേഖ റദ്ദ് ചെയ്ത് പട്ടയം അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

മുക്കൂഴി (വടശ്ശേരിക്കര വില്ലേജ്) 84 പേർക്ക് 5 സെന്റ് വീതം പട്ടയം അനുവദിച്ചിരുന്നതാണ്. റീസർവ്വേയ്ക്ക് ശേഷം ടി ഭാഗം മലയാല

പ്പുഴ വില്ലേജിലും, വടശ്ശേരിക്കര വില്ലേജിലുമായി രണ്ട് ഭാഗങ്ങളായിട്ടുണ്ട്. റീസർവ്വേയ്ക്ക് ശേഷം മലയാലപ്പുഴ വില്ലേജിന്റെ ഭാഗമായി വന്നിട്ടുള്ളവരുടെ പേരിൽ തന്നെ റീസർവ്വേ റിക്കോർഡുകളിൽ വന്നിട്ടുള്ളതും എന്നാൽ വടശ്ശേരിക്കര വില്ലേജിൽപ്പെട്ട ഭാഗം പുറമ്പോക്കായി പോയിട്ടുള്ളതുമാണ്. ഇത് പരിഹരിച്ച് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകിച്ചുവരികയാണ്.

<u>ഒളികല്ല് (വടശ്ശേരിക്കര വില്ലേജ്)</u> - ട്രൈബൽ സെറ്റിൽമെന്റ് ആണ് ഒളികല്ല്. ഇതിൽ ചില കൈവശങ്ങൾ 01.01.1977 ന് മുമ്പ് വനഭൂമി കയ്യേറി വച്ചുവരുന്നതാണ്. പട്ടയം അനുവദിക്കുന്നതിലേക്കായി വനം വകുപ്പുമായി ചേർന്നു നടത്തിയ സംയുക്ത പരിശോധനയിൽ 1970.04 ഹെക്ടർ ഉൾപ്പെട്ട് വരുന്നതായി കണ്ടെത്തിയിട്ടുണ്ട്, പട്ടയം നൽകുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയ്ക്കയച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതാണ്.

<u>അത്തിക്കയം -തെക്കത്തൊട്ടി</u> - 1974 കാലഘട്ടത്തിൽ കുറച്ചു പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്. 1980 ലെ വനസംരക്ഷണ നിയമം വരുന്നതിന് മുൻപ് തന്നെ വനത്തിന്റെ സ്റ്റാറ്റസ് നഷ്ടപ്പെട്ടതുമായ ടി പ്രദേശത്തിന് 1980 ലെ ടി നിയമത്തിലെ വ്യവസ്ഥകൾ ബാധകമാകേണ്ടതില്ല എന്ന വസ്തുത പരിഗണിച്ച് പ്രസ്തുത പ്രദേശങ്ങളിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നത് സംബന്ധിച്ചുള്ള അഭിപ്രായം ലഭ്യമാക്കാൻ റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>കടുമീൻചിറ- അത്തിക്കയം</u> - കടുമീൻചിറയിലെ കൈവശക്കാരുടെ ഭൂമി അത്തിക്കയം വില്ലേജ് റിക്കാർഡുകളിൽ ഉൾപ്പെട്ട് വന്നിട്ടില്ല. ആയതിനാൽ റീസർവ്വേ നടപടികൾ പൂർത്തിയാക്കി പട്ടയ നടപടികൾ കൈക്കൊള്ളുന്നതാണ്.

<u>പൊന്തൻപുഴ- പെരുംമ്പെട്ടി</u> - വനഭൂമിയാണ് എന്ന തെറ്റിദ്ധാരണയിൽ 01.01.1977 ന് മുൻപ് വനഭൂമി കയ്യേറി കൈവശം വച്ചുവരുന്ന ഭൂമിയ്ക്ക് പട്ടയം അനുവദിക്കുന്നതിലേയ്ക്കായി വനം വകുപ്പുമായി ചേർന്നു സംയുക്ത പരിശോധന നടത്തി. സംയുക്ത പരിശോധനയിൽ മുല്ലപ്പള്ളി താലൂക്കിലെ പെരുമ്പെട്ടി വില്ലേജിലെ കൈവശങ്ങളും ഉൾപ്പെട്ടിട്ടുള്ളതാണ്. കേന്ദ്ര ഗവൺമെന്റിൽ നിന്നും

അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടി കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കാവുന്നതാണ്;

<u>അട്ടത്തോട്- എസ്.ടി പട്ടയം</u> - പെരുനാട് വില്ലേജിലെ അട്ടത്തോട് വനഭൂമിയിൽപ്പെട്ട ട്രൈബൽ സെറ്റിൽമെന്റാണ്. വനഭൂമി ആയതിനാൽ പട്ടയം നൽകുവാൻ സാധിക്കുന്നില്ല.

<u>പമ്പാവാലി</u> - 100 കൈവശക്കാർക്ക് പട്ടയം നൽകാനുള്ളതാണ്. പട്ടയ നടപടികൾ പൂർത്തിയായ 38 കൈവശങ്ങൾക്ക് 2020 ൽ നടന്ന പട്ടയ മേളയിൽ വച്ച് പട്ടയ വിതരണം ചെയ്തിട്ടുണ്ട്. മറ്റുള്ളവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

<u>ഏഞ്ചൽവാലി പട്ടയം</u> - നിലവിലുള്ള റിക്കാർഡിന്റെ അടിസ്ഥാനത്തിൽ പമ്പാനദിയുടെ പുറമ്പോക്ക് അതിർത്തി റീഫിക്സ് ചെയ്ത് ആ ബൌണ്ടറി മുതൽ പട്ടയം നൽകാവുന്നതാണ്.

<u>കോട്ടൂപ്പാറ</u> - പെരുനാട് വില്ലേജിലെ കോട്ടൂപ്പാറ പ്രദേശത്ത് 735/1, 741/1, 751/1, 742/2-ബി, 736/1 എന്നീ സർവ്വേ നമ്പറിലായി 66 കൈവശങ്ങൾ ഉള്ളതായി കണ്ടെത്തിയിരുന്നു. അതിൽ പട്ടയ നടപടികൾ പൂർത്തിയായ 63 കൈവശങ്ങൾക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്.

<u>മോതിരവയൽ- അമ്പലപ്പാറ പട്ടയം</u> - പഴവങ്ങാടി വില്ലജിൽ ബ്ലോക്ക് 9 ൽ സർവ്വേ നമ്പർ 575/15 ൽപ്പെട്ട 1.4650 ഹെക്ടർ സ്ഥലത്തിലെ 11 കൈവശങ്ങൾക്കുള്ള പട്ടയ നടപടികൾ കൈക്കൊണ്ടുവരുന്നു.

<u>അരയൻപാറ (ചേത്തയ്ക്കൽ വില്ലേജ്)</u> - 15.26 ഏക്കർ മിച്ചഭൂമിയായി ഏറ്റെടുത്തതിന് ശേഷം 25 സെന്റ് വീതം 60 പേർക്ക് മിച്ചഭൂമി പട്ടയം അനുവദിച്ചിരുന്നു.

******************************